LIBRARY ARCHIVES Kerala Legislative Assembly

പരവൂർ ഫയർസ്റ്റേഷന് കെട്ടിടം നിർമ്മിക്കൽ

289 (299) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നിശ്ചിത ഭൂമി ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിലേക്കായി ബഹു. ആഭ്യന്തരവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്നും നാളിതുവരെ പ്രസ്തുത കാര്യത്തിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളും ,പുരോഗതിയും വ്യക്തമാക്കുമോ ;

(ബി) ഫയർസ്റ്റേഷന് കെട്ടിട നിർമ്മാണത്തിന് എന്നത്തേക്ക് ഭൂമി കൈമാറ്റം നടത്തുവാൻ കഴിയുമെന്ന് അറിയിക്കുമോ ; പ്രസ്തുതകാര്യത്തിൽ തടസ്സങ്ങൾ ഇനിയും നിലവിലുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് ഭൂമി ലഭ്യമാക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

ഉത്തരം

(എ&ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നിശ്ചിത ഭൂമി ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 18-5-2015-ൽ നടന്ന യോഗത്തിൽ പരവൂർ പോലീസ് സ്റ്റേഷന്റെ അധീനതയിലുള്ള 30 സെന്റ് സ്ഥലം പോലീസ് വകുപ്പുമായി ചേർന്ന് പരിശോധന നടത്തുന്നതിന് തീരുമാനം ആയിട്ടുള്ളതാണ്. സ്ഥല പരിശോധന നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

അനധികൃത ഫ്ലാറ്റ് സമുച്ചയങ്ങൾ

290 (300) ശ്രീ എ. എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷാ മാനദണ്ഡങ്ങളും കെട്ടിട നിർമ്മാണചട്ടങ്ങളും പാലിക്കാതെ സംസ്ഥാനത്ത് അനധികൃത ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കപ്പെടുന്നത് ഫയർഫോഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കാതെ അത്തരം നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യ കൊടുക്കുന്നത് പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാനദണ്ഡങ്ങളോ ചട്ടങ്ങളോ പാലിക്കാതെ സംസ്ഥാനത്ത് എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുള്ളതായി ഫയർഫോഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; ഇതിനെതിരെ ഫയർഫോഴ്സ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) അനധികൃത ഫ്ലാറ്റ് നിർമ്മാണങ്ങളുടെ സാഹചര്യത്തിൽ സർക്കാർ ഫ്ലാറ്റ് ഉടമകളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായോ ; അതിന്റെ വിശദാംശം അറിയിക്കുമോ ;

(ഇ) സുരക്ഷാ മാനദണ്ഡങ്ങളുടെ കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ ; ഇക്കാര്യത്തിൽ ഫയർഫോഴ്സ് മേധാവിയായിരുന്ന ജേക്കബ് തോമസുമായി സർക്കാരിനുണ്ടായിരുന്ന വിയോജിപ്പുകൾ വിശദമാക്കാമോ ; പ്രശ്നത്തിൽ സർക്കാർ കൈക്കൊണ്ട അന്തിമ തീരുമാനം വിശദമാക്കാമോ ?

ഉത്തരം

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ലഭിക്കുന്ന എൻ.ഒ.സി. അപേക്ഷകളിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് എൻ.ഒ.സി. നൽകിവരുന്നു. അനധികൃത നിർമ്മാണം നടത്തുന്നതായി ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്താറുണ്ട്.

(ബി) അനധികൃത കെട്ടിട നിർമ്മാണം റെഗുലറൈസ് ചെയ്യുന്നതിന് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് അധികാരമില്ല.

(സി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുള്ള 46 അപേക്ഷകൾ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ താൽക്കാലികമായി നിരസിച്ചിരുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭിച്ച അപേക്ഷകളിൽ പുനഃപരിശോധന നടത്തിവരുന്നു.

(ഡി) അനധികൃത ഫ്ലാറ്റ് നിർമ്മാണങ്ങളുടെ സാഹചര്യത്തിൽ സർക്കാർ ഫ്ലാറ്റ് ഉടമകളുടെ യോഗം വിളിച്ചുചേർത്തിട്ടില്ല.

(ഇ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഡോ. ജേക്കബ് തോമസുമായി വിയോജിപ്പുകൾ ഒന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly